**സംയോജിത ശിശു സംരക്ഷണ പദ്ധതി ,കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി -മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ :ശ്രീമതി അനുപമ T.V IAS ,ഡയറക്ടർ സാമൂഹ്യ നീതി വകുപ്പ്)**

വിഷയം:- സാമൂഹ്യ നീതി വകുപ്പ്-ICPS-വിവിധ ഘടകങ്ങളിൽ അസിസ്റ്റന്റ് കം ഡേറ്റ എൻട്രി ഓപ്പറേറ്റർമാരായി കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് ശമ്പള കുടിശ്ശിക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :-1. സ.ഉ (സാധ) നമ്പർ 28/2016/Fin തീയതി 26/02/2016

2. സ.ഉ (സാധ) നമ്പർ 257/2017 സ.നീവ തീയതി 27/04/2017

3.ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ് തീയതി 06/05/2016

**ഉത്തരവ് നമ്പർ- ICPS-4(B)/8916/17 തീയതി: 10/05/2017**

സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഘടകങ്ങളായ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി (SCPS), ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് (DCPU), ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻസ് (ORC) എന്നിവയിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റന്റ് കം ഡേറ്റ എൻട്രി ഓപ്പറേറ്റർമാരെ മേൽ പരാമർശം (1) ഉത്തരവിലെ കാറ്റഗറി 3-ൽ ഉൾപ്പെടുത്തി പ്രതിമാസ ശമ്പളം 10,000/- രൂപയിൽ നിന്നും 19,000/- രൂപയായി 01/04/2016 മുതൽ മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിച്ച്കൊണ്ട് മേൽ സൂചന (3) പ്രകാരം ഉത്തരവായിരുന്നു.

ഈ സാഹചര്യത്തിൽ മേൽ സൂചിപ്പിച്ചിരിക്കുന്ന ജീവനക്കാർക്ക് 2016 ഏപ്രിൽ മുതൽ 2017 ഏപ്രിൽ വരെയുള്ള 13 മാസത്തെ ശമ്പള കുടിശ്ശിക തുക അനുവദിക്കേണ്ടതായുണ്ട്.

ആയതിനാൽ മേൽ പരാമർശം (3) ഉത്തരവ് പ്രകാരം. തസ്തിക കാറ്റഗറി നിശ്ചയിച്ച് ശമ്പള വർദ്ധനവ് ലഭിച്ചിട്ടുള്ള ഐ.സി.പി.എസ്-ന്റെ ഘടകങ്ങളായ SPSU, SCPS, DCPU, ORC എന്നിവയിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റന്റ് കം ഡേറ്റ എൻട്രി ഓപ്പറേറ്റർമാർക്ക് 2016 ഏപ്രിൽ മുതൽ 2017 ഏപ്രിൽ വരെയുള്ള 13 മാസത്തെ ശമ്പള കുടിശ്ശിക വേതനം താഴെപ്പറയുന്ന നിബന്ധനകൾ പാലിച്ച്കൊണ്ട് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ശമ്പള കുടിശ്ശിക അനുവദിക്കുമ്പോൾ താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്:-

(a) കരാർ ജീവനകാർക്ക് ബ്രേക്ക് നൽകിയിട്ടുള്ള ദിവസത്തെ തുക അനുവദിക്കേണ്ടതില്ല.

(b) ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(c) ജില്ലാ ശിശു സംരക്ഷണ ജീവനക്കാരുടെ ശമ്പള കുടിശ്ശികയ്ക്ക് ആവശ്യമായ തുക IPCS4(B)/18080/17 തീയതി 06/05/2017 ഉത്തരവ് പ്രകാരം സാലറി ഇനത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

(d) ജീവനക്കാർ ശമ്പളമില്ലാത്ത അവധി എടുത്തിട്ടുണ്ടെങ്കിൽ അതിന് ആനുപാതികമായ കുറവ് വരുത്തേണ്ടതാണ്.

(PTO)

SPSU, SCPS, ORC എന്നീ ഘടകങ്ങളിലെ അസിസ്റ്റന്റ് കം ഡേറ്റ എൻട്രി ഓപ്പറേറ്റർമാരെ 01/04/2016 30/04/2017 വരെയുള്ള 13 മാസത്തെ ശമ്പള കുടിശ്ശിക വേതനം ചുവടെപട്ടികപ്പെടുത്തും പ്രകാരം തുക അനുവദിക്കാവുന്നതാണ്.

| Sl.No. | Name of Employee | Component | SBT A/C No. | IFSC CODE | Amount Admissible Rs. |
|---|---|---|---|---|---|
| 1 | Sri.Renjith. V.V | SCPS | 67345918410 | SBTR0000415 | 1,16,700/- |
| 2 | Sri.Saju V S | SCPS | 67345943650 | SBTR0000415 | 1,16,700/- |
| 3 | Smt.Sasikala.V.V | SPSU | 67346006900 | SBTR0000415 | 1,167,00/- |
| 4 | Smt.R.Drisya Krishnan P | SPSU | 67346007007 | SBTR0000415 | 1,167,00/- |
| 5 | Smt.Biji.B.S | ORC | 67346007063 | SBTR0000415 | 1,16,700/- |
| | **Total** | | | | **5,83,500/-** |

ടി തുക (5,83,500/- രൂപ) ഐ.സി.പി.എസ്-ന്റെ പ്രവർത്തനത്തിനായി സാമൂഹ്യ നീതി ഡയറക്ടറുടെ പേരിൽ ആരംഭിച്ചിട്ടുള്ള SBT A/C No:67194963109-ൽ നിന്നും മേൽ പട്ടിക പ്രകാരം ബന്ധപ്പെട്ട ജീവനക്കാരുടെ SBT അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതുമാണ്.

(ഒപ്പ്)
**സാമൂഹ്യ നീതി ഡയറക്ടർ** &
മെമ്പർ സെക്രട്ടറി SCPS

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

പകർപ്പ്:

1. പ്രോഗ്രാം മാനേജർ SCPS
2. ICPS-4(A) (ചെക്ക് നൽകുന്നതിന് വേണ്ടി)
3. ICPS-4
4. ICPS-5
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Harikumar.B.S

സൂപ്രണ്ട്